മലയാള മനോരമ
2016 മേയ് 23 തിങ്കൾ

# മഴക്കാല പച്ചക്കറി കൃഷി പരിശീലനം 25നും 26നും

കൊച്ചി • മഴക്കാലത്തു പച്ചക്കറി കൃഷി ആദായകരമാക്കാൻ കെവികെ പരിശീലന പരിപാടി നടത്തുന്നു. മഴമറ നിർമാണവും മഴമറയ്ക്കുള്ളിലെ ജൈവ പച്ചക്കറി കൃഷിരീതികളും ഉൾപ്പെടുത്തിയുള്ള കെവികെയുടെ പരിശീലന പരിപാടി 25, 26 തീയതികളിൽ കൊച്ചി സിഎംഎഫ്ആർഐയിലാണു നടത്തുന്നത്.

കെവികെയിലെ വിദഗ്ധർക്കു പുറമേ കാർഷിക സർവകലാശാലയിൽ നിന്നുള്ള വിദഗ്ധരും ക്ലാസുകൾ നയിക്കും. മഴമറകൃഷി നന്നായി നടത്തുന്നവരുടെ വീടുകളിലേക്കു പഠനയാത്രയും ഉണ്ടാവും.

ജില്ലയിൽ നിന്ന് ആദ്യം റജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണു പരിശീലനം. ഫീസ് 750 രൂപ. താൽപര്യമുള്ളവർ 0484 2492450 എന്ന നമ്പറിൽ ബന്ധപ്പെടണം.